യൂണിറ്റ് - 5

# സംഗീതക്കച്ചേരി

I6H2F3



## പഠനനേട്ടങ്ങൾ

- കച്ചേരിയുടെ ആവിർഭാവത്തെക്കുറിച്ച് അറിവു നേടുന്നു.
- കച്ചേരിയുടെ ഘടന മനസ്സിലാക്കുന്നു.
- കച്ചേരിയിൽ ഉപയോഗിക്കുന്ന ഗാനരൂപങ്ങൾ മനസ്സിലാക്കുന്നു.
- സംഗീതക്കച്ചേരിയിൽ ഉപയോഗിക്കുന്ന വാദ്യങ്ങൾ തിരിച്ചറിയുന്നു.
- വായ്പാട്ടു കച്ചേരിയുടെയും വാദ്യകക്കച്ചേരിയുടെയും വിവിധ ഘടകങ്ങൾ മനസ്സിലാക്കുന്നു.

### പ്രധാനാശയങ്ങൾ

- കച്ചേരിയുടെ നിർവചനം
- കച്ചേരിയുടെ വർഗീകരണം
- വായ്പാട്ടു കച്ചേരി
- വാദ്യ കച്ചേരി
- കച്ചേരിയുടെ ഘടന
- കച്ചേരിയിലുപയോഗിക്കുന്ന ഗാനരൂപങ്ങൾ
- കച്ചേരിയിലുപയോഗിക്കുന്ന വാദ്യങ്ങൾ

## 5.1 ആമുഖം

ഇന്ത്യയിൽ സംഗീത കച്ചേരി രൂപപ്പെട്ടത് വേദകാലത്താണെന്ന് കരുതപ്പെടുന്നു. വിവിധ സംഗീത – നൃത്തരൂപങ്ങൾ ഭാരതീയ ജനതയുടെ സാംസ്കാരിക – സാമൂഹിക – വൈകാരിക – ബൗദ്ധിക – ആദ്ധ്യാത്മിക മണ്ഡലങ്ങൾ സമ്പന്നമാക്കുന്നതിൽ സുപ്രധാന പങ്കു വഹിച്ചിട്ടുണ്ട്. പ്രാചീനകാലം മുതൽ ക്ഷേത്ര പരിസര വേദികളിൽ സംഗീത കച്ചേരികളും നൃത്ത കച്ചേരികളും അവതരിപ്പിച്ചിരുന്നു. അമരാവതിയിലും സാഞ്ചിയിലും കാണപ്പെട്ട ബുദ്ധശില്പങ്ങൾ സംഗീത – നൃത്തകച്ചേരികൾ ബി.സി. ഒന്നാം നൂറ്റാണ്ടു മുതൽക്കേ ഭാരതത്തിൽ പ്രചാരത്തിലുണ്ടായിരുന്നുവെന്നതിന് സാക്ഷ്യം നൽകുന്നവയാണ്.

പുരാണങ്ങളിലും ഇതിഹാസങ്ങളിലും വേണ്ടത്ര പരിജ്ഞാനം ലഭിക്കാത്തവരെ പ്രപ്രബുദ്ധരാക്കുന്നതിനുവേണ്ടി പ്രഭാഷണങ്ങളും ഈ കാലഘട്ടത്തിൽ നടത്തപ്പെട്ടിരുന്നു. ഇവ കാലക്ഷേപം എന്നറിയപ്പെട്ടു. പിന്നീട് ആരാധനയുടെ മറ്റൊരു മാധ്യമമായ 'ഭജന സംഗീതം' തെക്കെ ഇന്ത്യയിലും 'കീർത്തൻ' വടക്കേ ഇന്ത്യയിലും പ്രചാരം നേടി. ഗായകൻ സമൂഹവുമായി ചേർന്ന് കീർത്തനങ്ങൾ ആലപിക്കുന്ന ഒരു സമ്പ്രദായമാണിത്.

**ഓർമ്മിക്കുക**

- *സംഗീത – നൃത്ത കച്ചേരികളുടെ തെളിവുകൾ കണ്ടെത്തിയ സ്ഥലങ്ങൾ.*

ഭാരതത്തിലെ വിവിധ കച്ചേരി സമ്പ്രദായങ്ങൾ ചുവടെ ചേർക്കുന്നു.

1. സംഗീത കച്ചേരി
   (എ) വായ്പാട്ടു കച്ചേരി
   (ബി) വാദ്യക്കച്ചേരി
2. നൃത്തക്കച്ചേരി
3. കാലക്ഷേപം
4. ഭജന
5. കദംബക്കച്ചേരി
6. ഗാനനാടകം

ഇവയിലെല്ലാം പൊതുവായ അടിസ്ഥാന ഘടകം സംഗീതമാണ്. ശുദ്ധവും ലളിതവുമായ സംഗീതമാണ് സംഗീതക്കച്ചേരിയിലുണ്ടാവുക. നൃത്തക്കച്ചേരിയിൽ നർത്തകൻ വിവിധ ഗാനങ്ങളുടെ ആശയം അഭിനയത്തിലൂടെയും മുദ്രകളിലൂടെയും വ്യാഖ്യാനിക്കുന്നു. വിവിധ കലാരൂപങ്ങളുടെ അംശങ്ങൾ കോർത്തിണക്കിയാണ് കദംബകച്ചേരി അവതരിപ്പിക്കുന്നത്. ഗാനനാടകങ്ങളിൽ അവശ്യ സന്ദർഭങ്ങളിൽ സംഗീതം ഉപയോഗിക്കുന്നു.

വാദ്യങ്ങളുടെ അകമ്പടിയോടു കൂടിയ സംഗീത പരിപാടി എന്നാണ് കച്ചേരി എന്നതുകൊണ്ടുദ്ദേശിക്കുന്നത്. തമിഴിൽ 'വിനിഗൈ' എന്ന പദം കച്ചേരിയെ സൂചിപ്പിക്കുന്നു.

**ഓർമ്മിക്കുക**

- *ഭാരതത്തിൽ നിലവിലുള്ള വിവിധ കച്ചേരി സമ്പ്രദായങ്ങൾ*

**പ്രവർത്തനം**

- *പ്രമുഖ സംഗീതജ്ഞരുടെയും നർത്തകരുടേയും ചിത്രങ്ങൾ ശേഖരിക്കുക.*

## 5.2 വായ്പ്പാട്ടു കച്ചേരി

വായ്പ്പാട്ടു കച്ചേരിയിൽ ഒരു പ്രധാന ഗായകനുണ്ടാകും. മൃദംഗവിദ്വാനും വയലിൻ വിദ്വാനും ചേർന്ന് മുഖ്യഗായകന് പക്കമേളമൊരുക്കുന്നു.

ഗഞ്ചിറ, ഘടം, മുഖർശംഖ്, തംബുരു എന്നിവ വായിക്കുന്ന വാദകരുമുണ്ടാകും.

കച്ചേരി അവതരിപ്പിക്കുന്ന കലാകാരന്മാർ പാലിക്കേണ്ട ചില ധർമ്മങ്ങളുണ്ട്. കച്ചേരിയുടെ ഭാഗമാണ് തങ്ങളെന്ന ബോധത്തോടെ മികവുറ്റ രീതിയിൽ തങ്ങളുടെ കഴിവു പ്രകടിപ്പിക്കുവാൻ ഓരോ കലാകാരനും ശ്രമിക്കണം. മുഖ്യഗായകന് കലയോടെന്നപോലെ ശ്രോതാക്കളോടും പക്കമേളക്കാരോടും കരുതലുണ്ടായിരിക്കണം. സ്വന്തം കഴിവുകൾ വേറിട്ടു പ്രകടിപ്പിക്കാൻ പക്കമേളക്കാർക്ക് അവസരമൊരുക്കണം.

ഗായകന്റെ കഴിവുകൾക്ക് മിഴിവേകുവാൻ പക്കമേളക്കാരും ശ്രദ്ധിക്കണം. പ്രധാന ഗായകന്റെ ആലാപനത്തെ പിൻതുടർന്ന് വായിക്കുകയും അദ്ദേഹത്തെ പിന്തുണയ്ക്കുകയും ചെയ്യേണ്ടത് വയലിൻ വിദ്വാന്റെ കടമയാണ്. താളം, ലയം എന്നിവയെക്കുറിച്ച് അന്തർജ്ഞാനമുള്ള വ്യക്തിയായിരിക്കണം. മൃദംഗ വിദ്വാൻ. ഉപതാളവാദ്യങ്ങൾ പ്രധാനതാളവാദ്യവുമായ മൃദംഗത്തെ പിൻതുടർന്ന് വായിക്കേണ്ടതാണ്. ശ്രുതിയെക്കുറിച്ച് നല്ല പരിജ്ഞാനമുള്ള വ്യക്തിയായിരിക്കണം തംബുരു മീട്ടേണ്ടത്.

കച്ചേരിയിൽ തംബുരു മീട്ടുന്ന വ്യക്തി മുഖ്യഗായകന്റെ പിന്നിലും വയലിൻ വിദ്വാൻ ഇടതുഭാഗത്തും മൃദംഗ വിദ്വാൻ വലതുഭാഗത്തുമാണ് ഇരിക്കേണ്ടത്. ഉപതാളവാദകർ ഗായകന്റെ വലതുഭാഗത്തായി മൃദംഗവിദ്വാന്റെ പിന്നിലായി ഇരിക്കണം.

## 5.3 വാദ്യക്കച്ചേരി

വാദ്യക്കച്ചേരിയിൽ വയലിൻ, വീണ, ഓടക്കുഴൽ, നാഗസ്വരം, ഗോട്ടുവാദ്യം മുതലായവ പ്രധാന വാദ്യങ്ങൾ വായിക്കുന്നവരും അകമ്പടിവാദ്യ വാദകരും ഉപതാള വാദകരും ഉണ്ടാകും. വയലിൻ കച്ചേരിയിൽ ശ്രുതിവാദ്യമായ തംബുരുവും പ്രധാനതാളവാദ്യമായ മൃദംഗവും ഉപതാളവാദ്യങ്ങളായ ഘടം, ഗഞ്ചിറ, മുഖർശംഖ് എന്നിവ വായിക്കുന്ന വാദകരുമുണ്ടാകും.



വീണ, ഗോട്ടുവാദ്യം തുടങ്ങിയ വാദ്യങ്ങൾക്ക് മൃദംഗവും ഉപതാളവാദ്യങ്ങളും അകമ്പടിയായി ഉപയോഗിക്കുന്നു. തംബുരുവും മൃദംഗവുമാണ് ഓടക്കുഴൽ കച്ചേരിയുടെ പക്കവാദ്യങ്ങൾ. നാഗസ്വരത്തിന് തവിൽ, ജാലറ, ഒത്ത് എന്നിവയാണ് പക്കമേളമായി ഉപയോഗിക്കുന്നത്.



## 5.4 സംഗീതക്കച്ചേരിയുടെ ഘടന



സംഗീതക്കച്ചേരിക്ക് രണ്ട് ഭാഗങ്ങളാണുള്ളത്. ആദ്യ പകുതിയിൽ മനോധർമ്മ സംഗീതത്തിനാണ് (രാഗാലാപനം, താനം, പല്ലവി, നിരവൽ, കല്പനസ്വരം) കൂടുതൽ പ്രാധാന്യം. പദം, ജാവലി, തില്ലാന തുടങ്ങിയ ലളിതമായ ഗാനരൂപങ്ങൾ രണ്ടാം പകുതിയിൽ ആലപിക്കുന്നു.

സാധാരണയായി ആദിതാളത്തിലോ അടതാളത്തിലോ ചിട്ടപ്പെടുത്തിയ വർണ്ണത്തോടെയാണ് കച്ചേരി ആരംഭിക്കുക. തുടർന്ന് വിഘ്നേശ്വര സ്തുതിയും രാഗാലാപനം, നിരവൽ, കൽപ്പനസ്വരം, എന്നിവയോടു കൂടി കൃതികളും ആലപിക്കുന്നു. പ്രധാന കൃതിക്ക് അല്ലെങ്കിൽ രാഗം - താനം പല്ലവിക്കുശേഷം മൃദംഗവിദ്വാന്റെയും ഉപതാളവാദകരുടേയും പ്രാഗൽഭ്യം തെളിയിക്കുന്ന തനിയാവർത്തനത്തോടെ ഒന്നാംഭാഗം പൂർണ്ണമാകുന്നു. രണ്ടാംഭാഗത്ത് പദം, ജാവലി, തില്ലാന, തുടങ്ങിയ ഗാനരൂപങ്ങൾ ആലപിച്ചതിനുശേഷം മംഗളം പാടി കച്ചേരി അവസാനിപ്പിക്കുന്നു. വായ്പാട്ടു കച്ചേരിക്കും വാദ്യക്കച്ചേരിക്കും ഒരേ ഘടനയാണുള്ളത്.

### ഓർമ്മിക്കുക

- *സംഗീതക്കച്ചേരിയുടെ ഘടന*
- *കച്ചേരിയിൽ ഉപയോഗിക്കുന്ന ഗാനരൂപങ്ങൾ*

### പ്രവർത്തനം

- *വാദ്യക്കച്ചേരികൾ കേൾക്കുക*

## മൂല്യനിർണയം

1. കർണ്ണാടക സംഗീതക്കച്ചേരിയിലെ പ്രധാന താളവാദ്യം. 1
2. കർണ്ണാടക സംഗീതക്കച്ചേരിയിൽ ഉപയോഗിക്കുന്ന രണ്ട് ഉപതാള വാദ്യങ്ങൾ 1
3. സംഗീതക്കച്ചേരിയിൽ അകമ്പടി വാദ്യമായി ഉപയോഗിക്കുന്ന ഒരു തന്ത്രിവാദ്യം 1
4. വിവിധ സംഗീതക്കച്ചേരികൾ ഏവ? 2
5. വായ്പ്പാട്ടു കച്ചേരിയിൽ ആലപിക്കുന്ന ഗാനരൂപങ്ങൾ ഏവ? 2
6. വിവിധ വാദ്യക്കച്ചേരികളെക്കുറിച്ച് ലഘു കുറിപ്പ് തയാറാക്കുക. 3
7. കച്ചേരിയിൽ ഗായകരും വാദകരും അനുഷ്ഠിക്കേണ്ട ധർമ്മങ്ങൾ ഏവ? 3
8. സംഗീതക്കച്ചേരിയുടെ ഘടന വിവരിക്കുക. 5
9. വായ്പ്പാട്ടു കച്ചേരിയെക്കുറിച്ച് വിശദമായ കുറിപ്പ് തയാറാക്കുക? 5
10. **ചേരുംപടി ചേർക്കുക.** 5

| | | |
|---|---|---|
| (a) | തനിയാവർത്തനം | - പ്രാരംഭം |
| (b) | മംഗളം | - ഉപതാള വാദ്യം |
| (c) | വർണ്ണം | - താളവാദ്യങ്ങൾ |
| (d) | മൃദംഗം | - ഉപസംഹാരം |
| (e) | ഘടം | - പ്രധാന താളവാദ്യം |

## റഫറൻസ്


1. സൗത്ത് ഇന്ത്യൻ മ്യൂസിക് - പ്രൊഫ. എ. സാംബമൂർത്തി
2. സ്പ്ലെൻഡർ ഓഫ് സൗത്ത് ഇന്ത്യൻ മ്യൂസിക് - ഡോ. ചെല്ലദുരൈ
3. ദക്ഷിണേന്ത്യൻ സംഗീതം - ശ്രീ. എ. കെ. രവീന്ദ്രനാഥ്
4. സംഗീത ശാസ്ത്രം - ഡോ. കെ. ഓമനക്കുട്ടി& ശ്രീമതി. എസ്. ശാരദ
5. തിയറി ഓഫ് ഇന്ത്യൻ മ്യൂസിക് - മിസ്. എൽ. ഐസക്